സമഗ്ര വിദ്യാലയ വികസന രേഖ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ACADEMIC MASTER PLAN

S T E P S

**Sustenance Towards Efficiency & Potentiality of the Society**






**2025-'27**

# S T E P S

## Sustenance Towards Efficiency & Potentiality of the Society

 

### ആമുഖം

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി നഗരസഭാ പരിധിയിലെ മേലങ്ങാടി പ്രദേശത്ത് 1957 മുതൽ പ്രവർത്തിച്ചുവരുന്ന കൊണ്ടോട്ടി ജി.വി.എച്ച്.എസ്.എസ്, ജില്ലയിലെ തന്നെ പഴക്കം ചെന്ന സർക്കാർ സ്കൂളുകളിൽ ഒന്നാണ്. കരിപ്പൂർ എയർപോർട്ട് റൺവേയുടെ കിഴക്കു വടക്കുള്ള പ്രകൃതി രമണീയമായ നാല് ഏക്കർ സ്ഥലത്താണ് സ്കൂൾ തലയുയർത്തി നിൽക്കുന്നത്. നിലവിൽ 5 മുതൽ 10 വരെ ഹൈസ്കൂൾ വിഭാഗത്തിലും 11 മുതൽ 12 വരെ ഹയർസെക്കന്ററി വിഭാഗത്തിലും (Science, Humanities, Commerce), വൊക്കേഷണൽ ഹയർസെക്കന്ററി (FTCP, SLT, ORG, FHW) വിഭാഗത്തിലുമായി സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നില്ക്കുന്ന രണ്ടായിരത്തോളം വിദ്യാർഥികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തിവരുന്നു. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളും ഉൾപ്പെടെയാണിത്.

പ്രതിസന്ധികൾക്കിടയിലും SSLC 100% (തുടർച്ചയായി നാല് അധ്യയന വർഷവും സമ്പൂർണ വിജയം), VHSE 78%, HSS Science 92%, Humanities 79%, Commerce 86% എന്നിങ്ങനെ മികച്ച വിജയശതമാനത്തോടെയാണ് 2024-25 വർഷവും സ്കൂൾ മുന്നോട്ടു പോവുന്നത്. പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി KIFBI വഴി ഹയർസെക്കന്ററിയിലെയും അപ്പർ പ്രൈമറിയിലെയും കുട്ടികൾക്കായി അന്താരാഷ്ട നിലവാരത്തിലുള്ള രണ്ട് കെട്ടിടങ്ങൾ 2021 ൽ പൂർത്തിയായതോടെ സ്കൂളിലെ സൗകര്യങ്ങൾ ഉയർന്നിരുന്നു. കഴിഞ്ഞ വർഷം പുതിയ ഒരു ബിൽഡിംഗ് കൂടി വന്നതോടെ പൊളിച്ചുനീക്കിയ പഴയ കെട്ടിടങ്ങളുടെ സ്ഥാനത്ത് ആധുനിക സൗകര്യങ്ങളുള്ള ക്ലാസ് മുറികൾ ലഭ്യമായിട്ടുണ്ട്. പൂർവ വിദ്യാർഥികളുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയോടെ വരും വർഷങ്ങളിലും നല്ല പ്രകടനം കാഴ്ചവയ്ക്കുന്ന മികവിന്റെ കേന്ദ്രമായി നമ്മുടെ സ്കൂൾ മാറുമെന്ന് പ്രതീക്ഷിക്കാം.



# Physical Plan

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : Kondotty Municipal **Government Vocational Higher Secondary School Kondotty**.
ചുരുക്കപ്പേര് : GVHSS Kondotty.
വിലാസം : മേലങ്ങാടി പി.ഒ. - 673638, കൊണ്ടോട്ടി, മലപ്പുറം ജില്ല, കേരളം.
ഇ-മെയിൽ വിലാസം : gvhsskondotty@gmail.com (HS),
gvhsskondottymlp@gmail.com (HSS)
gvhsskond@yahoo.in (VHSS)
ഫോൺ : 0483 -2711820 (HS),
0483 -2712247 (HSS),
0483 -2711839 (VHSS).

സ്കൂൾ കോഡ് : 18008 (HS), 11132 (HSS), 10007 (VHSS)
UDISE കോഡ് : 32050200118

Location: 11.13 N, 75.96 E




ക്ലസ്റ്റർ (CRC) : മേലങ്ങാടി
BRC : കൊണ്ടോട്ടി
SSA/ SSK : മലപ്പുറം
വിദ്യാഭ്യാസ ജില്ല : മലപ്പുറം
വിദ്യാഭ്യാസ ഉപജില്ല : കൊണ്ടോട്ടി
നഗരസഭ : കൊണ്ടോട്ടി
ഡിവിഷൻ : 34, 33
താലൂക്ക് : കൊണ്ടോട്ടി
റവന്യൂജില്ല : മലപ്പുറം
നിയമസഭാ മണ്ഡലം : കൊണ്ടോട്ടി
ലോകസഭാ മണ്ഡലം : മലപ്പുറം

Year of Establishment : **1957**

Type of School : Government

Medium of Instruction : Malayalam & English.
Divisions : 5 to 10 (HS), 11 & 12 (HSS, VHSS)

Name of Principal (HSS) : Smt. **Dr. Vijaya P** Cell : 9496286747
Vice Principal (HM) : Smt. **Sudha M.K** Cell : 9495613381
Principal (VHSS) : Sri. **MujeebRahman** Cell : 9846418952

President, School PTA : Sri. **Noushad Chulliyan** Cell : 9847350345
Chairman, SMC : Sri. **Sadiq Ali A**. Cell : 9847020336
President, School MPTA : Smt. **Abida TV** Cell: 7907020133

Division Councillors : Smt. **Abeena Puthiyarakkal** (34) & Smt. **Bindu Bangalan** (33)
Cell: 8606132754 Cell: 8590050462

### ഭൂമിയുടെ വിവരം :

| | | |
|---|---|---|
| ആകെ ഭൂമി | Aprx. **4.5** Acre (1 Hec. 84 R. 40 SqM) | |
| കെട്ടിട നിർമാണത്തിന് അനുയോജ്യം | 2.5 Acre | |
| ഗ്രൗണ്ട് | 2 Acre | (രണ്ട് ഗ്രൗണ്ട്) |
| മറ്റുള്ളവ | | |

# കൊണ്ടോട്ടി ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ

# ചരിത്രവഴിയിലൂടെ

കൊണ്ടോട്ടി നഗരത്തിന്റെ പിറവി **:**

കൊണ്ടോട്ടിയിലെ ആദിമ നിവാസികൾ ദ്രാവിഡ വിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു. ഇവർ എവിടെനിന്നു വന്നുവെന്നതിന് രേഖകളില്ല. ദ്രാവിഡരുടെ ആഗമനത്തിന് ശേഷം എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞ് വന്നുചേർന്ന സവർണ്ണരായ നായൻമാരും നമ്പൂതിരിമാരും ഈ പ്രദേശത്ത് മേൽക്കോയ്മ സ്ഥാപിച്ചു. വ്യാപാരാവശ്യാർഥം അറബികൾ 'മുസിരിസി'ൽ എത്തിയതോടെ ഇസ്‌ലാം മതം കേരളത്തിൽ പ്രചരിക്കുകയും AD ഒമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഈ പ്രദേശം പ്രധാന മുസ്‌ലിം കോളനിയായി മാറുകയും ചെയ്തു.

ആദ്യകാലത്ത് 'കൊളത്തൂര് ' എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം അന്നത്തെ നാട്ടുവാഴി നീറാട് തലയൂര് മൂസ്സത് AD 1400 ന് തൊട്ടുമുമ്പ് ഒരു മുസ്ലിം പള്ളി നിർമിക്കുന്നതിനായി വിട്ടു നല്കിയതിൽ പിന്നെ ഈ പ്രദേശം പള്ളി നിർമാണവുമായി ബന്ധപ്പെട്ട് 'കൊണ്ടുവെട്ടി' യായും പിന്നീട് കൊണ്ടോട്ടിയുമായി മാറിയെന്നുമാണ് ചരിത്രം.

കോഴിക്കോട് സാമൂതിരിമാരുടെ അധീനതയിലായിരുന്ന കൊണ്ടോട്ടി, പിന്നീട് മൈസൂർ ഭരണാധികാരിയായിരുന്ന ടിപ്പു സുൽത്താന്റെ പടയോട്ടത്തിനു ശേഷം അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായി. 1709 ല് ഹസ്രത്ത് മുഹമ്മദ് ഷാ തങ്ങളുടെ വരവ് കൊണ്ടോട്ടിയുടെ ചരിത്രഗതി മാറ്റിയ പ്രധാന സംഭവമായിരുന്നു. എല്ലാ വിഭാഗക്കാരുടെയും പിന്തുണയുണ്ടായിരുന്ന തങ്ങൾ ടിപ്പുവിന്റെ പ്രതിനിധിയായി അവരോധിതനായ ശേഷം ഈ പ്രദേശം കീഴടക്കാനെത്തിയ നായർ പടയാളികൾക്ക് തോറ്റ് പിൻമാറേണ്ടി വന്നു. ഇങ്ങനെ ലഭിച്ച പീരങ്കികളുൾപ്പെടെയുള്ള ആയുധങ്ങളുമായി തുടങ്ങിയ ആഘോഷമാണ് 'കൊണ്ടോട്ടി നേർച്ച'യായി മാറിയത്.



മുഹമ്മദ് ഷാ തങ്ങളുടെ മരണ ശേഷം 'ഖുബ്ബ' എന്ന സ്മാരകം കേന്ദ്രീകരിച്ചായിരുന്നു പില്ക്കാല ആഘോഷങ്ങളും മറ്റും. ഏറെക്കാലം കഴിഞ്ഞ് ഖുബ്ബയോടു ചേർന്ന പള്ളിയിൽ വസിച്ച് കാവ്യങ്ങളെഴുതി മാപ്പിള മഹാകവി മോയിന്കുട്ടി വൈദ്യരും കൊണ്ടോട്ടിക്കാരിൽ സ്വാധീനമുറപ്പിച്ചു. ബ്രിട്ടീഷുകാരുടെ കാലത്തും കൊണ്ടോട്ടി തങ്ങളുടെ പദവിയുള്ളവർക്കു തന്നെയായിരുന്നു നാട്ടുവാഴിത്തം.

കണ്ണങ്കോട്ടുപാറ ഉൾപ്പെട്ട പ്രദേശം കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളമായി മാറിയതോടെ മുഖഛായ മാറിയ കൊണ്ടോട്ടി ഇന്ന് മറ്റുപല രംഗങ്ങളിലും കീർത്തിയുള്ള പ്രദേശമാണ്.

## കൊണ്ടോട്ടിയുടെ വിദ്യാഭ്യാസ ചരിത്രം :

മലയാളവും അറബിമലയാളവും പഠിപ്പിച്ചിരുന്ന ആദ്യകാല എഴുത്തുപള്ളികൾക്കും



ഓത്തുപള്ളികൾക്കും ശേഷം മദ്രസ്സകളിലെ പഠനമായിരുന്നു ഇവിടെ പ്രധാനമായും നിലനിന്നിരു ന്നത്. 1880 ൽ ബ്രിട്ടീഷുകാരുടെ കാലത്താണ് ആദ്യമായി കൊണ്ടോട്ടിയിൽ (കാന്തക്കാട്) പ്രാഥമിക തലത്തിലുള്ള ഒരു വിദ്യാലയം സ്ഥാപിതമാകുന്നത്. തുടർന്ന് മേലങ്ങാടി, കരിപ്പൂര്, കാളോത്ത് തുടങ്ങിയ പ്രദേശങ്ങളിലും പ്രാഥമിക വിദ്യാലയങ്ങളുണ്ടായി.

സെക്കന്ററി വിദ്യാഭ്യാസത്തിന് മഞ്ചേരിയിലായിരുന്നു സൗകര്യമുണ്ടായിരുന്നത്. പിന്നീട് കൊട്ടപ്പുറത്ത് ഒരു ഹൈസ്കൂൾ നിലവിൽ വന്നു.

## കൊണ്ടോട്ടിയിലെ സർക്കാർ ഹൈസ്കൂൾ :

ബഹു. ഇ.എം.എസ് നമ്പൂതിരിപ്പാട് കേരളം ഭരിക്കുമ്പോൾ കൊണ്ടോട്ടിയിലെ രാഷ്ട്രീയ നായകരിൽ പ്രധാനിയായിരുന്ന എടക്കോട്ട് മുഹമ്മദ് എന്നവരുൾപ്പെടെയുള്ളവരുടെ ശ്രമഫലമായി 1957 ൽ മേലങ്ങാടി മേപ്പറമ്പ് ഭാഗത്ത് മഠത്തിൽ അഹമ്മദ്കുട്ടി എന്നവരും മറ്റും വിട്ടുനൽകിയ രണ്ടര ഏക്കർ സ്ഥലത്ത് നമ്മുടെ സ്കൂൾ നിർമാണം പൂർത്തിയായി. അതുവരെ ക്ലാസ്സുകൾ നടന്നിരുന്നത് മേലങ്ങാടി സിറാജുൽ ഹുദാ മദ്രസ്സയിലായിരുന്നു. കൊണ്ടോട്ടി അങ്ങാടിയിൽനിന്നും ഗതാഗത സൗകര്യമില്ലാതിരുന്നതിനാൽ സ്കൂൾ നിർമാണത്തിനുള്ള സാമഗ്രികളൊക്കെയും മേലങ്ങാടി മേപ്പറമ്പിലേക്ക് എത്തിച്ചിരുന്നത് വിദ്യാർഥികളും രക്ഷിതാക്കളുമുൾപ്പെടെയുള്ള ബഹുജനമായിരുന്നുവെന്നത് പ്രത്യേകം ഓർക്കേണ്ടതുതന്നെ.



1980-81 ല് കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ് ടാറിംഗ് നടന്നപ്പോൾ ഈ ഭാഗത്തേക്ക് ബസ് ഗതാഗതസൗകര്യമായി. ഇതേത്തുടർന്ന് ഓടക്കൽ മുഹമ്മദ് ഷാ ഹാജിയിൽ നിന്നും ഒന്നര ഏക്കർ സ്ഥലം കൂടി ഏറ്റെടുത്ത് സ്കൂൾ കോമ്പൗണ്ട് അന്നത്തെ സർക്കാർ വികസിപ്പിക്കുകയും ചെയ്തു. 1990-91 അധ്യയന വർഷം മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെടുകയും 2004-05 അധ്യയനവർഷം മുതൽ ഹയർസെക്കന്ററി വിഭാഗത്തോടുകൂടിയ സ്കൂളായി മാറുകയും ചെയ്തു. ഡെപ്യൂട്ടി കലക്ടർ, ഗവ. അണ്ടർസെക്രട്ടറി തലങ്ങളിൽ എത്തിയവർ മുതൽ ഫുട്ബാൾ, സിനിമാ രംഗങ്ങളിലുള്ളവരുൾ പ്പെടെ വിവിധ രംഗങ്ങളിൽ പുകഴ്പെറ്റവരെ വാർ ത്തെടുക്കാൻ കൊണ്ടോട്ടി ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനു കഴിഞ്ഞിട്ടുണ്ട്.

S T E P S


അന്ന്


ഇന്ന്







# Academic Plan

Approved SITE PLAN of GVHSS Kondotty






SITE PLAN & BUILDING PLAN of GVHSS Kondotty




**2021-2026 ൽ ലക്ഷ്യംവെച്ചിരുന്ന വികസനപദ്ധതികൾ ചുരുക്കത്തിൽ**

# Abstract of Project Proposal (2021)

1. എല്ലാ ക്ലാസ്സ് മുറികളും internet wi-fi സൗകര്യമുള്ള air condiioned Smart class ആക്കുക, Attached girl-friendly bath rooms, കുടിവെള്ള സൗകര്യം, chairs with writing facility, Shelves , floor carpet and green board.

2. എല്ലാ വിങ്ങിലേക്കും video conferencing സൗകര്യമുൾപ്പെടുന്ന Public address system.

3. Lift/ elevator സൗകര്യമുള്ള multi-storied School Building with solar roof.

4. Separate A/C bathroom attached Office Rooms for Principal/HM with multimedia facilities and modern furniture and shelves.

5. UP, HS, HSS, VHSS എന്നിവയുടെ മുഴുവൻ ലാബുകളും ലൈബ്രറികളും ആധുനിക സൗകര്യങ്ങളൊരുക്കി നവീകരിക്കൽ, Language lab ഒരുക്കൽ.

6. നവീനമായ ICT Labs cum Digital reference library.

7. കുട്ടികൾക്ക് സുരക്ഷിതമായി സ്കൂളിലേക്കെത്തുന്നതിന് ഉതകുന്ന 3 mini School Bus.

8. സമഗ്രമായ ആരോഗ്യ-കായിക വിദ്യാഭ്യാസവും പരിശീലനവും ലഭ്യമാക്കുന്നതിനുള്ള equipments അടങ്ങിയ Sports and Health Training Centre and Indoor Stadium with fitness centre and changing rooms.

9. നിലവിലുള്ള സ്കൂൾ മൈതാനത്തിനു ചുറ്റുമായി gallery സൗകര്യം പൂർണമാക്കൽ.

10. ലൈബ്രറിയോടു ചേർന്ന് 100 കുട്ടികൾക്ക് ഇരിക്കാവുന്ന തരത്തിൽ Reading Room.

11. സ്കൂൾ ബിൽഡിംഗിനു മുൻവശത്ത് പുൽത്തകിടിയും പൂച്ചെടികളും ഇരിപ്പിട സൗകര്യവുമുള്ള ഒരു mini Children's Park ഉം Swimming Pool ഉം.

12. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിയുള്ളവരെ പരിശീലിപ്പിക്കുന്നതിനും കുട്ടികളെ പരിചരിക്കുന്നതിനുമുള്ള സുസജ്ജമായ IEDc Resource Centre cum Clinic.

13. അവശ്യമായ ഉപകരണങ്ങളും mess-hall ഉം ഉൾപ്പെടുന്ന സമ്പൂർണമായ ആധുനിക അടുക്കളയും refrigeration സംവിധാനമുള്ള store room ഉം. [Waste disposal, drainage, exhaust സംവിധാനത്തോടെ].

14. മഴവെള്ളം ശേഖരിച്ച് കിണറിലേക്ക് റീചാർജ് ചെയ്യുന്നതിനായി 50 000 ലിറ്റർ ശേഷിയുള്ള രണ്ട് ജലസംഭരണികൾ.

15. Stage ഉം Green rooms ഉം ഉൾപ്പെടുന്നതും 500 പേർക്ക് ഇരിപ്പിടസൗകര്യമുള്ളതുമായ roofed Convention Hall (Auditorium).

16. ഓരോ ക്ലാസ്സ്മുറിയിലേക്കും ശുദ്ധജലം എത്തിക്കുന്നതിന് 2 Hp മോട്ടോർ സഹിതം പമ്പിംഗ് സിസ്റ്റവും 10 000 ലിറ്റർ ടാങ്കും pipe-tap സംവിധാനവും.

17. സ്കൂളും പരിസരവും സദാ നിരീക്ഷിക്കുന്നതിനുള്ള CCTV camera ഉൾപ്പെടുന്ന Security System.

ഇവയിൽ മിക്കവയും സാധ്യമായതോടെ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് കാണാം. ഇനി അക്കാദമിക മികവുകൂടി ഉയർത്തുന്നതിനായാണ് സ്കൂളും രക്ഷാകർത്താക്കളും പൂർവ വിദ്യാർഥികളും ഭരണകർത്താക്കളുമടങ്ങുന്ന പൊതുസമൂഹം ശ്രദ്ധ പുലർത്തേണ്ടത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# Govt. Vocational HSS KONDOTTY

## പൊതുവായ ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും അതത് ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ ആർജിക്കുന്നുവെന്ന് ഉറപ്പാക്കുക.
- മാതൃഭാഷയ്ക്കു പുറമെ എല്ലാ ഭാഷകളിലുമുള്ള കഴിവുകളും പരിപോഷിപ്പിച്ച് കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കി മാറ്റുക.
- കുട്ടിയിലെ സാഹിത്യപരവും സർഗപരവും കായികപരവുമായ കഴിവുകളും കണ്ടെത്തി അവ വികസിപ്പിക്കുന്നതിനുള്ള അടിത്തറയൊരുക്കി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.
- ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുക.
- സൗജന്യവും ഗുണമേൻമയുള്ള വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തൽ.
- കുട്ടിയുടെ സമഗ്രമായ സാമൂഹ്യ-വ്യക്തിത്വ വികാസം.
- പാർശ്വവൻക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കുയർത്തൽ.
- സാമൂഹ്യജീവി എന്ന നിലയിൽ സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനും അവ ഏറ്റെടുത്ത് നടത്താനും ജനാധിപത്യ മൂല്യമുള്ളവനാകുവാനും കുട്ടിയെ പ്രാപ്തനാക്കൽ.
- പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുതകള് ഗ്രഹിച്ച് ശാസ്ത്രീയ മനോഭാവമുള്ള വനാക്കി മാറ്റുക.
- സാമൂഹ്യാരോഗ്യബോധവും ശുചിത്വബോധവും ആത്മവിശ്വാസവുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കൽ.
- പരിസ്ഥിതി സംരക്ഷണത്തിന്റെയും സുസ്ഥിരവികസനത്തിന്റെയും കാഴ്ചപ്പാട് കുട്ടിയിൽ രൂപപ്പെടുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുക..
- അക്കാദമിക മികവിന് ഉതകുന്ന തരത്തിൽ അടിസ്ഥാന പശ്ചാത്തല വികസനവും സാങ്കേതിക സംവിധാന സൗകര്യങ്ങളും മെച്ചപ്പെടുത്തലും പ്രയോജനപ്പെടുത്തലും.
- വൊക്കേഷണൽ വിദ്യാർഥികളെ അവരുടെ കഴിവിനും അഭിരുചിക്കുമനുസരിച്ചുള്ള തൊഴിൽ സ്വായത്തമാക്കാൻ സഹായിക്കുന്നതിലൂടെ, സംരംഭകരാകാൻ കൂടി പ്രാപ്തരാക്കുക.






## Atal Tinkering Labs

(tinkering = experimenting and fixing or solving)

നീതി ആയോഗിന്റെ അടൽ ഇന്നൊവേഷൻ മിഷൻ (AIM) പദ്ധതിയിലൂടെ രണ്ടു വർഷത്തെ ശ്രമ ഫലമായി 2017-18 വർഷം സ്കൂളിന് ഒരു അടൽ ടിങ്കറിങ് ലാബ് അനുവദിച്ചു കിട്ടുകയുണ്ടായി. ആദ്യവർഷത്തെ പ്രവർത്തനച്ചെലവായ 200000 രൂപ ഉൾപ്പെടെ ആകെ 1200000 രൂപ ടിങ്കറിങ് ലാബിനായി കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ തുക ലഭിച്ച് ആദ്യമായി പ്രവർത്തനം തുടങ്ങിയ ATL ആണ് കൊണ്ടോട്ടി ജി.വി.എച്ച്.എസ് സ്കൂളിലേത് എന്നതിൽ നമുക്കഭിമാനിക്കാം.




ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠനം നടത്തിവരുന്ന തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് STEM ൽ (Science, Technology, Engineering & Maths) അഭിരുചിയുണ്ടാക്കി, നവീന ആശയങ്ങളിലൂടെ യതാർത്ഥ കണ്ടുപിടുത്തക്കാരാക്കി മാറ്റുക എന്നതാണ് പ്രധാനമായും അടൽ ടിങ്കറിങ് ലാബുകൾ ലക്ഷ്യമാക്കുന്നത്. ഈ പാതയിൽ ലാബ് ഇൻ-ചാർജായ ഓടക്കൽ റഷീദ് മാസ്റ്ററുടെ നേതൃത്വത്തിൽ സ്കൂൾ ഏറെ മുന്നോട്ട് പോയിട്ടുണ്ട്.







നഗരസഭ അനുവദിച്ച English Language Lab നു പുറമെ സർക്കാറിന്റെയും മറ്റു ധനസഹായത്തോടെയും തനത് വിഭവസമാഹരണത്തോടെയും സ്കൂളിൽ മികച്ച Maths Lab, Science Lab, Library cum Reading Room എന്നിവ കുട്ടികളുടെ വികാസത്തിന് പിന്തുണയായുണ്ട്. KITE ന്റെ ICT Lab ൽ സാങ്കേതിക പഠനവും മികച്ചരീതിയിൽ നടന്നുവരുന്നു. ഹയർസെക്കന്ററി തലങ്ങളിൽ നിഷ്കർഷിക്കപ്പെട്ട എല്ലാ ലാബുകളും പ്രവർത്തനക്ഷമമാണ്. ആരോഗ്യ കായിക പഠനത്തിന് മാറ്റുകൂട്ടുന്ന സ്കൂൾ കായികവേദിയുടെ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. മികച്ച ഒരു മൈതാനം സ്വന്തമായി ഉള്ളത് സ്കൂളിന് വലിയ നേട്ടം തന്നെയാണ്.

### ശാസ്ത്ര പാർക്ക് **(Science Park)**

2022 ആഗസ്റ്റിൽ നിർമാണം പൂർത്തിയായ സ്കൂൾ ശാസ്ത്ര പാർക്കിൽ അപ്പർ പ്രൈമറി തലംത്തിലെ കുട്ടികൾക്ക് സ്വയം ചെയ്തുനോക്കാവുന്ന എഴുപത്തഞ്ചോളം പരീക്ഷണോപകരണങ്ങളാണ് ഉള്ളത്. കൊണ്ടോട്ടി BRC യുടെയും അധ്യാപകനായ മുഹമ്മദ് അഷ്റഫിന്റെയും സഹായത്തോടെയാണ് ലാബ് ഒരുക്കിയിരിക്കുന്നത്.



















PTA,SMC & STAFF






## **JRC unit** (**J**unior **R**ed **C**ross)**:**

കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായുള്ള ലോകത്തിലെ ഏറ്റവും വലിയ സംഘടനയായ റെഡ്ക്രോസിന്റെ ജൂനിയർ വിംഗ് കൊണ്ടോട്ടി ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ മികവാർന്ന രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.ഓരോ ക്ലാസിലുംഎ ലെവൽ, ബി.ലെവൽ, സി. ലെവൽ എന്നിങ്ങനെ പരീക്ഷകളുണ്ട്.



## **SPC unit** (**S**tudent **P**olice **C**adet)**:**

കൊണ്ടോട്ടി പോലീസ് സ്റ്റേഷനു കീഴിൽ 2021 ൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂനിറ്റ് (No: MM 802) സ്കൂളിൽ പ്രവർത്തനമാരംഭിച്ചത് മികവിന് മറ്റൊരു പൊൻതൂവലായി. ശ്രീ, മുഹമ്മദ് ഷാജഹാൻ കെ, ശ്രീമതി അനുപമ രാജൻ എന്നീ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരുടെ നേതൃത്വത്തിൽ വിവിധ പരിപാടികളുമായി സ്കൂൾ SPC ഇതിനോടകം തന്നെ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. അച്ചടക്കവും ആത്മാഭിമാനവും സമർപ്പണവുമുള്ള പുതുതലമുറയാണ് ഇതുവഴി വാർത്തെടുക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.



## **NSS units** (**N**ational **S**ervice **S**cheme)**:**

"നോട്ട് മീ ബട്ട് യൂ" എന്ന ആപ്തവാക്യവുമായി വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും ഇടയിൽ സമൂഹത്തിനോടുള്ള സേവനസന്നദ്ധതാ മനോഭാവം വളർത്താൻ ഉദ്ദേശിച്ച സ്ഥാപിതമായ നാഷണൽ സർവീസ് സ്കീമിന്റെ രണ്ട് യൂനിറ്റുകൾ വി.എച്ച്.എസ്.എസ് -എച്ച്.എസ്.എസ് വിഭാഗങ്ങളിലായി ഏതാനും വർഷങ്ങളായി ഈ കലാലയത്തിൽ നിസ്തുലമായ പ്രവർത്തനപരിപാടികൾ കാഴ്ചവെച്ചുവരികയാണ്.




## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് :

കൈറ്റിന്റെ (Kerala Infrastructure and Technology for Education) നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്. ഒരു സ്കൂളിൽ കുറഞ്ഞത് ഇരുപത് അംഗങ്ങളും പരമാവധി നാൽപ്പതു പേർക്കുമാണ് അംഗത്വം നൽകുന്നത്. നമ്മുടെ സ്കൂളിലും ലിറ്റിൽകൈറ്റ് പ്രവർത്തിക്കുന്നു.(LK/2018/18008). ഭാഷാകമ്പ്യൂട്ടിംഗ്, ആനിമേഷൻ, ഹാർഡ്‌വെയർസ്, പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷയും ഇന്റർനെറ്റും തുടങ്ങിയ മേഖലകളിലാണ് പരിശീലനം. വിദ്യാർത്ഥികൾക്കു പരിശീലനം നൽകുന്നതിനായി രണ്ട് അധ്യാപകർ ഉണ്ടാകും. സ്കൂൾ ഐ.ടി കോർഡിനേറ്ററായ അബ്ദുറഹ്മാൻ മാസ്റ്ററുടെയും ലൈല ടീച്ചറുടെയും നേതൃത്വത്തിൽ നമ്മുടെ സ്കൂളിലും അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു.

ഇവയോടൊപ്പം വിദ്യാരംഗം കലാസാഹിത്യ വേദി, സ്കൂൾ ശാസ്ത്രരംഗം, കായിക വേദി, പരിസ്ഥിതി ക്ലബ്, ആസ്ട്രോ ക്ലബ്, വിവിധ ഭാഷാ ക്ലബ്ബുകൾ എന്നിവയും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർവതോമുഖമായ വികാസങ്ങൾക്ക് പിന്തുണയാകുന്നുണ്ട്. പിന്തുണയായി സ്കൂൾ അധ്യാപക-രക്ഷാകർതൃ സമിതി, സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, പൂർവ വിദ്യാർത്ഥി സംഘടന, സ്കൂൾ സംരക്ഷണ സമിതി മുതലായവയും രംഗത്ത് സജീവമാണ്. നഗരസഭയുടെ പിന്തുണയും നിസ്തുലമാണ്.

## അംഗീകാരങ്ങൾ :

* അമെച്വർ അസ്ട്രോണമറും മുനിസിപ്പൽ ശാസ്ത്ര ലാബിന്റെ ശിൽപിയുമായ കൊണ്ടോട്ടി ജി.വി.എച്ച്. എസ്.സ്കൂളിലെ ശാസ്ത്രാധ്യാപകൻ ശ്രീ. റഷീദ് ഓടക്കൽ ദേശീയ ഐ.സി.ടി അധ്യാപക പുരസ്കാരത്തിന് (2017) അർഹനായി.

* സ്കൂൾ കായികാധ്യാപകനും കമ്യൂണിറ്റി പോലീസ് ഓഫീസറുമായ ശ്രീ. മുഹമ്മദ് ഷാജിഹാൻ കെ. മികച്ച അധ്യാപകനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരത്തിന് (2020) അർഹനായി.

* വിജയഭേരി പ്രവർത്തന മികവിന് മലപ്പുറം ജില്ലാ പഞ്ചായത്തിൽ നിന്നും ഉപഹാരം.

* SSLC പരീക്ഷയിൽ തുടർച്ചയായി നൂറുമേനി വിളയിച്ചതിന് ജില്ലാ പഞ്ചായത്തിന്റെയും കൊണ്ടോട്ടി നഗരസഭയുടെയും ഉപഹാരങ്ങൾ.

* USS, NMMS, NTS സ്കോളർഷിപ്പ് പരീക്ഷകളിൽ തുടർച്ചയായി മിന്നുന്ന വിജയങ്ങൾ.




# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ. വൊക്കേഷണൽ എച്ച്.എസ്.എസ്. കൊണ്ടോട്ടി

# 1. അക്കാദമിക മാസ്റ്റർ പ്ലാൻ - മാതൃഭാഷ

മേഖല : **അക്കാദമികം**

ഉപ മേഖല: **മലയാളം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | * പ്രീ-ടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* ചിത്രം നൽകി കഥ പറയൽ, എഴുതൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA,<br>SSA, DIET, SCERT |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം)<br>വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക,<br>വായനാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക | * വായനക്കൂട്ടം രൂപീകരണം<br>* ക്ലാസ് ലൈബ്രറി<br>* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* വായനക്കുറിപ്പ് - പതിപ്പ്<br>* സാഹിത്യശാഖകൾ, എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം കലാസാഹിത്യ വേദി | SRG, SMC, PTA, |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | * എഴുത്തുകൂട്ടം രൂപീകരണം<br>* എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* രചനാ ശിൽപശാല,<br>* കഥാക്യാമ്പ്, കവിതാ ക്യാമ്പ് | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SMC, PTA,<br>Municipality<br>Rs: 5,000 |
| 4 | സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യ വേദി) | * വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br>* ക്ലാസ് സഭ, സ്കൂൾ സഭ , ബാലസഭ<br>* CD, വീഡിയോ പ്രദർശനം<br>* ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ അധ്യാപകർ, വിദ്യാരംഗം, IEDSS | SRG, SMC, PTA,<br>മുനിസിപ്പൽ കൗൺസിലർ |
| 5 | സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തീകരണം | * ക്ലാസ് ലൈബ്രറി രൂപീകരണം<br>* സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>* മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br>* വായനാമൂലകൾ, വായനാമുറി സൗകര്യമൊരുക്കൽ | ആറു മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SRG, SMC, PTA,<br>Municipality<br>Rs: 60,000 |

| | | | | | |
|---|---|---|---|---|---|
| 6 | കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ,<br>ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | * നാടകക്കളരി<br>* പാഠഭാഗമുൾപ്പെടെയുള്ളവയുടെ നാടകീകരണം<br>* ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>* പൊതുവേദികളിലെ അവതരണം | ആറു മാസം, | ഭാഷാധ്യാപകർ, ആർട്സ്- മ്യൂസിക് അധ്യാപകർ | SMC, PTA, |
| 7 | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | * രചനകൾ ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ളോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>* പത്ര ക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്ത- ദിവസവും 5 മിനിറ്റ് | SITC, റേഡിയോ ക്ലബ്ബ്, ക്ലാസ് ടീച്ചേഴ്സ് | SRG, SMC, PTA |
| 8 | ICT സാധ്യതകൾ ആശയവിനിമയത്തിന് | * പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ, ക്ലാസ്സുകൾ എന്നിവ ശേഖരിച്ചതും നിർമിച്ച് എഡിറ്റ് ചെയ്തവയും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | അവശ്യാനുസരണം | ഭാഷാധ്യാപകർ,<br>SITC,<br>JSITC, | SRG,<br>KITE (IT@School) |
| 9 | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | * സെമിനാറുകൾ \ അഭിമുഖങ്ങൾ \ പാനൽ ചർച്ചകൾ\ സംവാദം മുതലായവ<br>* തിരക്കഥയെഴുതി ഹ്രസ്വചിത്രങ്ങൾ നിർമിക്കൽ | വർഷത്തിൽ ഓരോന്ന് | ഭാഷാധ്യാപകർ | SRG, SMC, PTA |
| മേഖല : **അക്കാദമികം/ ദിനാചരണങ്ങൾ**<br>ഉപ മേഖല: **സമഗ്ര വികസനം** | | | | | |
| 1 | വ്യക്തിത്വ വികസനം | * വിവിധ വിഷയങ്ങൾ കോർത്തിണക്കി ദ്വിദിന സഹവാസ ക്യാമ്പ് | വർഷത്തിൽ ഒന്ന് | SRG | SMC, PTA,<br>Municipality<br>Rs: 7,500 |
| 2 | വിവിധ ശേഷികളുടെ പരിപോഷണവും വികസനവും | * അക്കാദമികവർഷത്തേക്കുള്ള വിവിധ ദിനാചരണങ്ങൾ SRG യിൽ തീരുമാനിച്ച് സ്കൂളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പിലാക്കുന്നു.<br>* സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ആസൂത്രണവും | അവശ്യാനുസരണം | SRG | SMC, PTA, |

# 2. അക്കാദമിക മാസ്റ്റർ പ്ലാൻ - ഉപഭാഷ - അറബി

മേഖല : **അക്കാദമികം**

ഉപ മേഖല: **അറബി**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബി അനായാസം വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തിയെടുക്കുക | * മുന്നറിവ് പരിശോധിക്കാൻ പ്രീ-ടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* എഴുത്ത് പരിശീലനം<br>* അറബി നിഘണ്ടുവിലെ പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ | ജൂൺ ജൂലൈ | ഭാഷാധ്യാപകർ | SRG, PTA, SSA, DIET, SCERT |
| 2 | വായനയിലൂടെ ഭാഷാ ശേഷി വർദ്ധിപ്പിക്കാൻ ക്ലാസ്സുകളിൽ സാഹചര്യമൊരുക്കൽ | * ക്ലാസ്തല വായനാമത്സരം<br>* ക്ലാസ് ലൈബ്രറിയുടെയും സ്കൂൾ ലൈബ്രറിയുടെയും ഫലപ്രദമായ ഉപയോഗം<br>* വായനാകുറിപ്പ് തയ്യാറാക്കൽ<br>* അറബി പത്രവായന | 4 മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, | SRG, SMC, PTA, |
| 3 | എഴുത്തിലൂടെ അറബി ഭാഷാശേഷി വികസിപ്പിക്കുക | * കൈയെഴുത്ത് മത്സരം<br>* ചുമർ പത്രിക ഒരുക്കൽ, പതിപ്പ് നിർമാണം | ഒരു വർഷം | ഭാഷാധ്യാപകർ, | SRG |
| 4 | അറബി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | * അറബിക് ടൈപ്പിംഗ് പരിശീലനം<br>* CD, വീഡിയോ പ്രദർശനം<br>* ലാംഗ്വേജ് ലാബ് ഫലപ്രദമായി ഉപയോഗിക്കൽ | ജൂൺ | ഭാഷാധ്യാപകർ, SITC, JSITC, | SRG |
| 5 | ഡിസംബർ 18 – അറബി ഭാഷാദിനം സമുചിതമായി ആഘോഷിക്കൽ | * വിദഗ്ധരെ ഉൾപ്പെടുത്തിയുള്ള സെമിനാർ<br>* പുസ്തക പ്രദർശനം<br>* പോസ്റ്റർ - വീഡിയോ പ്രദർശനം | ഡിസംബർ | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, | SRG, SMC, PTA, |
| 6 | സർഗവാസനകളുടെ പരിപോഷണം | * അറബി സാഹിത്യ സമാജം, സദസ്സ്.<br>* അറബി കലാ സാഹിത്യ മത്സരങ്ങൾക്ക് പരിശീലനം | യഥാവിധി | ആർട്ട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 7 | അറബിയിലെ പിന്നാക്കക്കാരെ മുഖ്യധാരയിലെത്തിക്കൽ | * അധികസമയ ക്ലാസ്,<br>* മോട്ടിവേഷൻ, പരിഹാരബോധനം | ആഴ്ചയിൽ രണ്ട് | മുഴുവൻ അധ്യാപകർ | SRG, SMC, PTA |

# 3. അക്കാദമിക മാസ്റ്റർ പ്ലാൻ - ഉപഭാഷ - ഉർദു

മേഖല : **അക്കാദമികം**

ഉപ മേഖല: **ഉർദു**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ലോകഭാഷ എന്ന നിലയിൽ ഉർദു ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | * തെരഞ്ഞെടുത്ത 101 ഉർദു പുസ്തകങ്ങളുൾക്കൊള്ളുന്ന 'ഉർദു ലൈബ്രറി' [30 കഥപുസ്തകങ്ങൾ , 20 കുഞ്ഞിക്കവിതകൾ, 20 ചിത്രകഥകൾ, 30 വിവരണ/ലേഖന പുസ്തകങ്ങൾ , 1 ഉർദു ക്വിസ് പുസ്തകം ]<br>* വായനയ്ക്കുള്ള കാർഡുകൾ | 3 മാസം | ഭാഷാധ്യാപകർ, SRG, ലൈബ്രേറിയൻ | SMC, PTA, Municipality Rs: 5000 |
| 2 | ഉർദു ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | * കൈയെഴുത്ത് മത്സരം<br>* വായനാകാർഡ് നിർമാണം<br>* ചുമർ പത്രിക ഒരുക്കൽ<br>* ക്ലാസ് പതിപ്പ് നിർമാണം | ഒരു വർഷം | ഭാഷാധ്യാപകർ, | SRG |
| 3 | ഉർദുവിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്നതരത്തിൽ സർഗ വൈഭവങ്ങൾ പോഷിപ്പിക്കൽ | * കുട്ടികൾക്ക് മാറി മാറി കലാവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ് സഭ<br>* മികച്ച 10 കഥകൾ /പാട്ട് / വീഡിയോ അവതരണം/ പ്രദർശനം | രണ്ടാഴ്ച്ചയിലൊരിക്കൽ | ആർട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 4 | ഉർദു ഭാഷാദിനത്തോടനുബന്ധിച്ച് ഉർദു ഫെസ്റ്റ് | * ഉർദു കലാ സാഹിത്യ അവതരണങ്ങൾ<br>* മികച്ച ഉർദു പ്രതിഭകളെയും പണ്ഡിതശ്രേഷ്ഠരെയും ആദരിക്കൽ | ഉർദു ക്ലബ്ബ് | ഭാഷാധ്യാപകർ | SRG, SMC, PTA Municipality |
| 5 | കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഉർദു ഇനങ്ങൾക്ക് സജ്ജമാക്കൽ | * വിവിധ മത്സരങ്ങൾ<br>- ക്വിസ്സ്, പദനിർമാണം, പദപ്രശ്നം, വേഡ് ഹണ്ടിംഗ്, കളറിംഗ്, മെമ്മറി പരിശോധന, കഥ പറയൽ, ഗദ്യവായന, പസിൽ, പദപ്പയറ്റ് | യഥാസമയം | ആർട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 6 | ഉർദു ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | * അഞ്ചാം ക്ലാസ്സിൽ തന്നെ ഉർദു ടൈപ്പിംഗ് പരിശീലനം തുടങ്ങുന്നു<br>* തുടർന്നുള്ള ക്ലാസ്സുകളിൽ വായനാകാർഡുകൾ, പോസ്റ്ററുകൾ മുതലായവ ഉർദുവിൽ തയ്യാറാക്കുന്നു<br>* കൊളാഷ് ഒരുക്കൽ | വർഷം മുഴുവൻ | ഭാഷാധ്യാപകർ, SITC, JSITC, | SRG |
| 7 | ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | * എക്സ്ട്രാ ആക്ടിവിറ്റീസ്<br>* കൈത്താങ്ങ്, ഗൃഹ സന്ദർശനം | യഥാസമയം | മുഴുവൻ അധ്യാപകർ | SRG, SMC, PTA |

## 4. അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

മേഖല : **അക്കാദമികം**

ഉപ മേഖല: **ഹിന്ദി**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ദേശീയഭാഷ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | * വായനയിലെ പരിമിതി മനസ്സിലാക്കാനുള്ള ശ്രമം<br>* വായനയ്ക്കുള്ള കാർഡുകൾ<br>* അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ<br>* മാസത്തിലൊരിക്കൽ ഹിന്ദിയിൽ പ്രത്യേകം അസംബ്ലി. | 3 മാസം | ഭാഷാധ്യാപകർ, SSC, ലൈബ്രേറിയൻ | SMC, PTA, |
| 2 | ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | * ദിനം പ്രതി പുതിയ ഒരു ഹിന്ദി വാക്ക്<br>* വായനാകാർഡ് നിർമാണം<br>* ചുമർ പത്രിക ഒരുക്കൽ<br>* ഹിന്ദി കൈയെഴുത്ത് പതിപ്പ് | ഒരു വർഷം | ഭാഷാധ്യാപകർ, | SRG |
| 3 | ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്നതരത്തിൽ സർഗ വൈഭവങ്ങൾ പോഷിപ്പിക്കൽ | * അവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ് സമാജം<br>* ഉൽപന്നം, പോർട്ഫോളിയോ പ്രദർശനത്തിന് ഹിന്ദി കോർണർ<br>* വെള്ളിയാഴ്ചകളിൽ ഓരോ ക്ലാസുകാരുടെയും 'ഹിന്ദി വാണി' റേഡിയോ | രണ്ടാഴ്ച്ചയിലൊരിക്കൽ | ആർട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 4 | ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയിൽ താൽപര്യം വർധിപ്പിക്കൽ | * ഹിന്ദി സാഹിത്യപ്രതിഭകളെ പരിചയപ്പെടുത്തൽ<br>* ഹിന്ദി ക്ലബ്ബിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ<br>* സ്വാതന്ത്ര്യ ദിന – റിപ്പബ്ലിക് ദിന സന്ദേശങ്ങളും ഗാനങ്ങളും ഹിന്ദിയിൽ | ഹിന്ദി ക്ലബ്ബ് | ഭാഷാധ്യാപകർ | SRG, SMC, PTA |
| 5 | കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ | * വിവിധ മത്സരങ്ങൾ<br>* ആഴ്ചയിലൊരിക്കൽ ഹിന്ദി പ്രശ്നോത്തരി | യഥാസമയം | ആർട്-മ്യൂസിക് അധ്യാപകർ | SMC, PTA, |
| 6 | ഹിന്ദി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | * ഹിന്ദി ടൈപ്പിംഗ് പരിശീലനം<br>* ലാംഗ്വേജ് ലാബ്, ഹിന്ദി ഡിജിറ്റൽ ലൈബ്രറി<br>* ഹിന്ദി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ | വർഷം മുഴുവൻ | ഭാഷാധ്യാപകർ, SITC, JSITC, | SRG |
| 7 | ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | * എക്സ്ട്രാ ആക്ടിവിറ്റീസ്<br>* കൈത്താങ്ങ്, ഗൃഹ സന്ദർശനം | യഥാസമയം | മുഴുവൻ അധ്യാപകർ | SRG, SMC, PTA |

# 5. അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

മേഖല : **അക്കാദമികം**

ഉപ മേഖല: **ഇംഗ്ലീഷ്**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | Municipal Language Lab ഉപയോഗിച്ച് ഉച്ചാരണം, stress, intonation മുതലായവ എല്ലാ കുട്ടികളിലും ഉറപ്പിച്ച് ഇംഗ്ലീഷ് ഭാഷാ ശേഷി പോഷിപ്പിക്കുക | * ഇംഗ്ലീഷ് ഉച്ചാരണം, stress, intonation എന്നിവയ്ക്ക് ഊന്നൽ<br>* നിലവിനെ സോഫ്റ്റ്‌വെയർ സാധ്യതക്കുള്ളിൽ പാഠഭാഗ വിനിമയം<br>* Grammar സാധ്യത<br>* ഭിന്നശേഷിക്കാർക്ക് TB അനുരൂപണന സാധ്യതകൾ വഴി പഠനം ലളിതമാക്കൽ | ഹ്രസ്വ കാലം | ഇംഗ്ലീഷ് അധ്യാപകർ, Resource Teacher | SMC, PTA, SRG Language lab |
| 2 | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള ശേഷി വളർത്തിയെടുക്കൽ | * ഇംഗ്ലീഷിലുള്ള പ്രാവീണ്യം മനസ്സിലാക്കാനുള്ള പരിശോധന<br>* സ്കൂൾ കാമ്പസിൽ ഇംഗ്ലീഷിലും ആശയവിനിമയം നടത്തൽ<br>* English Diary ദിവസവും എഴുതുന്നതിനുള്ള ശ്രമം<br>* എല്ലാ ക്ലാസ്സിലും English News Paper സബ്സ്ക്രിപ്ഷൻ<br>* ഇംഗ്ലീഷിലുള്ള വാർത്താവായന | ജൂൺ.<br>വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ, | രക്ഷിതാവ്, SRG |
| 3 | English Movie Theatre | * നിലവിലുള്ള English Movie പ്രദർശനം തുടർന്നും സജീവമാക്കുക<br>* തുടർന്ന് ചലച്ചിത്രാസ്വാദനം, discussion, debate മുതലായവ<br>* ഇംഗ്ലീഷിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | മാസം രണ്ട് | ഇംഗ്ലീഷ് അധ്യാപകർ English Club | SRG |
| 4 | English Radio Club | * English Club ന്റെ നേതൃത്വത്തിൽ ഉച്ചയിടവേളയിൽ വിവിധ script ന്റെ എഡിറ്റ് ചെയ്ത അവതരണം<br>* ഓരോ ക്ലാസ്സിനും മാറിമാറി അവതരണത്തിന് അവസരം | ദിനം പ്രതി | HM, English Club | SRG |
| 5 | ഇംഗ്ലീഷ് അസ്സംബ്ലി | * മാസത്തിൽ രണ്ടു തവണ അസംബ്ലി നടപടികൾ എല്ലാം ഇംഗ്ലീഷിൽ (Prayer, Pledge, Introductory speech തുടങ്ങിയവ ഇംഗ്ലീഷിൽ)<br>* ഓരോ ക്ലാസ്സിലും ആസൂത്രണവും പരിശീലനവും | മാസം രണ്ട് | ക്ലാസ് തല English Club | ഇംഗ്ലീഷ് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| 6 | സർഗശേഷീ വികസനം | * Oratory Club ന്റെ പ്രസംഗ പരിശീലനം (ആഴ്ചയിലൊരിക്കൽ)<br>* കേരള സ്കൂൾ കലോത്സവത്തിലെ ഇംഗ്ലീഷ് ഇനങ്ങൾക്ക് പരിശീലനം<br>* പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ ( ഉദാ:- Skit, Drama, Conversation )<br>* ഇംഗ്ലീഷ് പതിപ്പ് നിർമാണം (മാസത്തിലൊരിക്കൽ, ഒരു പ്രത്യേക വിഷയം കേന്ദ്രീകരിച്ച്) | പ്രതിമാസം | Oratory club, English Club | SRG, SSC<br>Rs:- 2000<br>(പരസ്യത്തിലൂടെ കണ്ടെത്താം) |
| 7 | English Fest | * ഇംഗ്ലീഷ് നാടകം, കവിത, പ്രസംഗ ശില്പശാലകൾ എന്നിവയുടെ തുടർച്ചയായി വർഷത്തിലൊരിക്കൽ ഇംഗ്ലീഷ് ഫെസ്റ്റ്<br>(മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ മാത്രം) | വർഷത്തിലൊരിക്കൽഅവധിക്കാലത്ത് | SRG conveenor | SRG, SMC, PTA<br>Municipality<br>Rs:- 20,000<br>(വിഭവ സമാഹരണം) |
| 8 | English Library | * ക്ലാസ്തലത്തിൽ ഇംഗ്ലീഷ് പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി<br>* പുസ്തകങ്ങൾ തരംതിരിക്കൽ , വിതരണം | ആദ്യ ടേമിൽ | ഇംഗ്ലീഷ് അധ്യാപകർ, ലൈബ്രേറിയൻ, | SRG, SMC, PTA |
| 9 | English Blog | * GVHSS Kondotty English Blog നിർമാണം<br>* ബ്ളോഗിലേക്കാവശ്യമായ ഇംഗ്ലീഷ് വിഭവങ്ങൾ തയ്യാറാക്കലും എഡിറ്റ് ചെയ്ത് പോസ്റ്റ് ചെയ്യലും | 5 മാസം | SITC, JSITC, English Club | SRG |
| 10 | Interaction with Native Speaker<br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | * നാറ്റീവ് ഇംഗ്ലീഷ് പീപ്പിളുമായി കുട്ടികൾക്ക് സംവദിക്കാനുള്ള അവസരം ലഭിക്കുന്നതിലൂടെ ഭാഷയുടെ ശൈലിയും ഉച്ചാരണവും ഒഴുക്കും പരിചയിക്കാനാവുന്നു | വർഷം ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | SMC, PTA |
| 11 | ICT സാധ്യതകൾ ലോകഭാഷയായ ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കവിത കേൾപ്പിക്കൽ , വീഡിയോ പ്രദർശനം, കൊളാഷ് നിർമാണം, കത്ത് തയ്യാറാക്കൽ, ചോദ്യമാതൃക DTP ചെയ്യൽ, Net browsing and surfing മുതലായവ. | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ, SITC, JSITC, | SMC, PTA |

# 6. അക്കാദമിക മാസ്റ്റർ പ്ലാൻ - മാനവിക വിഷയങ്ങൾ

മേഖല : **അക്കാദമികം**

ഉപ മേഖല: **സാമൂഹ്യ ശാസ്ത്രം**

| | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **പിന്തുണ/സാമ്പത്തികം** |
|---|---|---|---|---|---|
| 1 | സാമൂഹികജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | * ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>* ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ (പ്രതിഷേധ റാലി, ഗൃഹ സന്ദർശനം, സഹായ ശേഖരണം, സെമിനാർ മുതലായവ)<br>* പ്രശ്നബാധിതരുമായി അഭിമുഖം , വിദഗ്ധരുമായുള്ള പാരസ്പര്യം | ദീർഘ കാലം | അധ്യാപകർ, രക്ഷിതാക്കൾ, | SMC, PTA, പൂർവ്വ വിദ്യാർഥികൾ, നഗരസഭ |
| 2 | ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | * SS Club പ്രവർത്തനങ്ങൾ<br>* ക്ലാസ്തല – സ്കൂൾതല തെരഞ്ഞെടുപ്പ്<br>* സവിശേഷ വിഷയങ്ങളിൽ ആശയ സംവാദങ്ങൾ | യഥാസമയങ്ങളിൽ | അധ്യാപകർ, SRG ഡിബേറ്റ് ക്ലബ്ബ് | SMC, PTA |
| 3 | വ്യക്തി സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണെന്ന് തിരിച്ചറിയുകയും തദനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തനാക്കുക | * മാലിന്യ നിർമാർജന(സ്വച്ഛ് ഭാരത്, ശുചീകരണ) പ്രവർത്തനങ്ങൾ<br>* പ്രാദേശിക സർവ്വേ<br>* പതിപ്പുകൾ, ചുമർ പത്രികകൾ | വർഷം മുഴുവനും | SS Club | SRG, SMC, PTA, NSS units |
| 4 | പ്രാദേശികതലം മുതൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ | * പ്രാദേശിക ചരിത്ര രചനയും മാപ്പിംഗും<br>* മുനിസിപ്പൽ, പഞ്ചായത്ത്, ജില്ലാ ഭൂപടങ്ങൾ വിശകലനം ചെയ്യൽ<br>*ചരിത്ര സംഭവങ്ങളുടെ Time-line (കാലഗണന) തയ്യാറാക്കൽ | മാസം ഒന്ന് | അധ്യാപകർ, SRG SS Club | SMC, PTA, പൂർവ്വ വിദ്യാർഥികൾ, നഗരസഭ, ചരിത്ര ഗവേഷകർ, വൈദ്യർ അക്കാദമി |
| 5 | ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക | * GIS / GPRS സൗകര്യങ്ങളുപയോഗിച്ച് കൃഷിയിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തിയുള്ള താരതമ്യ പഠനം | ഹ്രസ്വ കാലം | അധ്യാപകർ, SS Club | SITC, JSITC |
| 6 | സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവുകൾ അപ്ഡേറ്റ് ചെയ്യാനുമായി സ്കൂൾ സാമൂഹ്യ ശാസ്ത്ര കോർണർ | * അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ , അറ്റ്ലസ്, ഇയർബുക്ക്, എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ<br>* ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം | വർഷം മുഴുവനും | അധ്യാപകർ, SS Club | SRG Rs:- 10,000 |

| | | | | | |
|---|---|---|---|---|---|
